| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പന്ത്രണ്ടാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3895 | 15/12/2014 ൽ മറുപടിക്ക് |
| വിജിലൻസ് റെയ്ഡുകൾ | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത കേസുകളിൽ കോടതി ഉത്തരവ് പ്രകാരം 7 വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ട് |
| (ബി) | വിവിധ സർക്കാർ വകുപ്പുകളിൽ വിജിലൻസ് നടത്തിയ റെയ്ഡുകളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ ; | (ബി) | മോട്ടോർ വെഹിക്കിൾ വകുപ്പ് 1<br>കൊമേഴ്സ്യൽ ടാക്സ് 1<br>പോലീസ് വകുപ്പ് 1<br>വ്യവസായ വകുപ്പ് 1<br>റവന്യൂ വകുപ്പ് 1<br>പൊതുമരാമത്ത് (ഗവ. സെക്രട്ടറിയേറ്റ്) 1<br>ജലസേചന വകുപ്പ് 1<br>ആകെ 7 |
| (സി) | വിജിലൻസ് റെയ്ഡിൽ അഴിമതി കണ്ടെത്തിയ ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും വിവരം ലഭ്യമാക്കാമോ ; | (സി) | മുകളിൽ പറഞ്ഞിരിക്കുന്ന ഓഫീസുകളിലും പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്ത കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ വീടുകളിലും ആണ് വിജിലൻസ് റെയ്ഡ് നടത്തിയത്. |
| (ഡി) | നിലവിൽ വിജിലൻസിന്റെ പരിഗണനയിലുള്ള തീർപ്പാകാത്ത കേസ്സുകളുടെ എണ്ണം വ്യക്തമാക്കാമോ ? | (ഡി) | നിലവിൽ തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം എന്നീ വിജിലൻസ് കോടതികളിൽ 1286 കേസുകൾ വിചാരണയിലാണ്. തിരുവനന്തപുരം, കോഴിക്കോട് എന്നീ വിജിലൻസ് ട്രിബ്യൂണലുകളിൽ 27 കേസുകൾ വിചാരണയിലുണ്ട്. വിജിലൻസ് ബ്യൂറോയിൽ നിലവിൽ 353 കേസുകൾ അന്വേഷണ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ